## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73** — **30-06-2022 - ൽ മറുപടിയ്ക്ക്**

## പരിസ്ഥിതി ലോല മേഖല

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് ആകെ ബാധകമായ വിധത്തിൽ സംരക്ഷിത വനത്തോട് ചേർന്നുള്ള ഒരു കിലോമീറ്റർ പ്രദേശം പരിസ്ഥിതി ലോല മേഖലയാക്കി മാറ്റണമെന്ന സുപ്രീം കോടതി വിധി സംസ്ഥാനത്തെ ജനസാന്ദ്രത ഏറിയ മലയോര പ്രദേശത്താകെ ആശങ്ക സൃഷ്ടിച്ചിട്ടുള്ളതിനാൽ ജനവാസമേഖലയെ ഒഴിവാക്കാൻ കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിരുന്നോ; | (എ) | സംരക്ഷിത മേഖലയ്ക്ക് ചുറ്റും ഒരു കി.മീ. (ഇക്കോ സെൻസിറ്റീവ് സോൺ) വേണമെന്ന വ്യവസ്ഥയിൽ കേരളത്തിനു പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനംമന്ത്രി ശ്രീ.അശ്വിനി കുമാർ ചൗബെയോട് 18.06.2022 ൽ വച്ച് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്ഥമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവ് അഭ്യർത്ഥിച്ചത്. ജനവാസ മേഖലകളെ ഒഴിവാക്കി കരുതൽ മേഖല എന്ന പരിഷ്കരിച്ച ശുപാർശ സംസ്ഥാനം നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതുണ്ട്. വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശുപാർശ നൽകിയതെന്ന് വനം വകുപ്പ് ബഹു. കേന്ദ്ര വനം മന്ത്രിയെ അറിയിച്ചു.<br><br>ബഹു.സുപ്രീം കോടതിയുടെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ സംരക്ഷിത വനത്തോട് ചേർന്നുള്ള ഒരു കിലോമീറ്റർ പ്രദേശം പരിസ്ഥിതി ലോല മേഖലയാക്കി മാറ്റണമെന്ന നിർദ്ദേശം സംസ്ഥാനത്തെ ജന സാന്ദ്രത ഏറിയ മലയോര പ്രദേശത്താകെ ആശങ്ക സൃഷ്ടിച്ചിട്ടുള്ളതിനാൽ ബഹു. സുപ്രീം കോടതിയുടെ 03/06/2022 -ലെ വിധി വിലയിരുത്തുന്നതിനും തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനുമായി ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിലെ കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ, വീട്ടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു.സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും, ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും, കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു. സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.<br><br>തുടർന്ന്, 03.06.2022-ലെ ബഹു. സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും, ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട്, ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവെർഡ് കമ്മിറ്റിയെയും ബഹു. സുപ്രീം കോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സുപ്രീം കോടതി നിർദ്ദേശം സംസ്ഥാനത്തുണ്ടാക്കാവുന്ന ആഘാതത്തിന്റെ വ്യാപ്തി പഠന വിധേയമാക്കിയിട്ടുണ്ടോ; | (ബി) | ബഹു. വനം വകുപ്പ് മന്ത്രിയുടെ 08-06-2022-ലെ യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായാൽ മാത്രമെ സംരക്ഷിത വനമേഖലയ്ക്ക് 1 കി. |

| | | | |
|---|---|---|---|
| | | | മീറ്റർ ചുറ്റളവിൽ പരിസ്ഥിതി ലോല മേഖല വന്നുകഴിഞ്ഞാൽ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് കൃത്യമായി വിലയിരുത്താൻ കഴിയൂ. |
| (സി) | സുപ്രീം കോടതി വിധി പുന:പരിശോധന തേടുന്നതും വിധിക്കെതിരെ സെൻട്രൽ എംപവേർഡ് കമ്മിറ്റിയെ സമീപിക്കുന്നതും സംബന്ധിച്ച് ആലോചന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ബഹു.സുപ്രീം കോടതിയുടെ 03-06-2020-ലെ വിധിയിൽ സംരക്ഷിത വനത്തോട് ചേർന്നുള്ള ഒരു കിലോമീറ്റർ പ്രദേശം പരിസ്ഥിതി ലോല മേഖലയാക്കി മാറ്റണമെന്ന നിർദ്ദേശത്തെത്തുടർന്ന് ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ബഹു.സുപ്രീം കോടതിയുടെ വിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ ബഹുസുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹു.സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യം സംരക്ഷിക്കുന്നതിനായുള്ള തുടർനടപടികൾക്കായി കേന്ദ്ര സർക്കാരിനെ സമീപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. തുടർന്ന്, 03.06.2022-ലെ ബഹു സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും, ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ട്, ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപോവെർഡ് കമ്മിറ്റിയെയും ബഹു. സുപ്രീം കോടതിയെയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ